# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2812 12.10.2011-ലെ മറുപടിയ്ക്ക്**

**കരാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. .കെ. സി. ജോസഫ്<br>ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |
| (എ) | തൊഴിലുറപ്പു പദ്ധതിയിൽ പഞ്ചായത്തുകളിൽ കരാർ വ്യവസ്ഥയിൽ ഏതെല്ലാം തസ്തികകളിലുള്ള ജീവനക്കാരെയാണ് ഇപ്പോൾ നിയമിക്കുന്നത്; | (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു അക്കൗണ്ടന്റ് - കം - ഡേറ്റാ എൻട്രി ഓപ്പറേറ്റർ, അസി. എഞ്ചിനീയർ/ഓവർസിയർ എന്നീ തസ്തികകളാണ് കരാർ അടിസ്ഥാനത്തിൽ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നത്. |
| (ബി) | ഓരോ തസ്തികയിലുമുള്ള ജീവനക്കാർക്ക് നൽകിവരുന്ന വേതനം വ്യക്തമാക്കാമോ; | (ബി) | (see table below) |
| (സി) | പ്രസ്തുത ജീവനക്കാർക്ക് നിലവിൽ നൽകിവരുന്ന സർവ്വീസ് ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (സി) | ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് 18.05.2011 ലെ 18805/ മഹാത്മഗാന്ധി എൻ. ആർ. ഇ.ജി.എസ്. സെൽ 01/10/സി.ആർ.ഡി. നമ്പർ സർക്കുലർ പ്രകാരം പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇക്കാര്യത്തിൽ പിന്നീട് പുറപ്പെടുവിച്ച 27.06.2011 ലെ ജി.ഒ (പി) നം. 271/11/ഫിൻ പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരുടെ കാഷ്വൽ ലീവ് 12 ദിവസമായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർക്ക് ബാധകമാണ്. 1/ 11എന്ന നിരക്കിൽ ഒരു വർഷം 15 ദിവസത്തെ ആർജിതാവധിക്ക് അർഹതയുണ്ടായിരിക്കുന്നതും ഒരു വർഷം 15 ദിവസത്തെ ആർജിതാവധി സറണ്ടർ ചെയ്യാനും കഴിയുന്നതാണ്. |

(ബി)

| തസ്തിക | ശമ്പളം (consolidated per month) |
|---|---|
| അസി. എഞ്ചിനീയർ(ഡിഗ്രി) | 9000 |
| ഓവർസിയർ (ഡിപ്ലോമ) | 6000 |
| ഓവർസിയർ (സർട്ടിഫിക്കറ്റ്) | 5000 |
| അക്കൗണ്ടന്റ് - കം - ഡേറ്റാ എൻട്രി ഓപ്പറേറ്റർ (ബികോം+പി.ജി.ഡി.സി.എ) | 6000 |
| (ഡിഗ്രി + കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ്) | 4500 |

| | | | |
|---|---|---|---|
| (ഡി) | കരാർ ജീവനക്കാരുടെ അവകാശങ്ങൾ ഹനിക്കുന്നതരത്തിൽ പി.ആർ.ഡി. 18.05.2011 ന് സർക്കുലർ ഇറക്കിയിട്ടുണ്ടോ; | (ഡി) | കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് പുതുക്കിയ നിർദ്ദേശങ്ങൾ 18.05.2011 ലെ സർക്കുലർ നം. 18805/ മഹാത്മഗാന്ധി എൻ.ആർ.ഇ.ജി സെൽ. 01/10/ സി.ആർ.ഡി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (എഫ്) | കരാർ ജീവനക്കാർക്ക് ലീവ് സറണ്ടർ, പ്രസവാവധി ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ? | (എഫ്) | 15 ദിവസത്തെ ആർജിതാവധി സറണ്ടർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്.കേരള സർവ്വീസ് ചട്ടം ഭാഗം - 1 അപ്പന്റിക്സ് VIII പ്രകാരം ആദ്യത്തെ കോൺട്രാക്ട് നിയമനം തന്നെ ഒരു വർഷത്തിൽ കൂടുതലുള്ളവർക്ക്, അവർ മെറ്റേണിറ്റി ലീവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുകയാണെങ്കിൽ മാത്രമേ മെറ്റേണിറ്റി ലീവിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. അതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു വർഷത്തെ കരാർ കാലാവധിയിൽ പ്രവൃത്തിയെടുക്കുന്ന കരാർ ജീവനക്കാർക്ക് മെറ്റേണിറ്റി ലീവിന് അർഹതയില്ല. |

സെക്ഷൻ ഓഫീസർ

8/

അനുബന്ധം

നം.18805/മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.സെൽ.01 /10/സി.ആർ.ഡി

തീയതി 18 /05/2011

## സർക്കുലർ

വിഷയം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സംസ്ഥാന -ജില്ലാ-ബ്ലോക്ക് -ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ അവധിയുമായി ബന്ധപ്പെട്ട അവകാശങ്ങൾ- സംബന്ധിച്ച്

സൂചന : 1. ഗ്രാമവികസന കമ്മീഷണറുടെ 15.02.2010 ലെ 2368/മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.സെൽ.1/10/സി.ആർ.ഡി നമ്പർ കത്ത്

2. തദ്ദേശ സ്വയംഭരണ (ഇ.ആർ.എ) വകുപ്പിന്റെ 16.04.2011 ലെ നം. 51449/ഇ.ആർ.എ2/ 10/തസ്വഭവ നം. കത്ത്

സൂചന 1 പ്രകാരം സംസ്ഥാന, ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിരിക്കുന്ന ഐ.ടി പ്രൊഫഷണൽ, അക്കൗണ്ടന്റ്-കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ തുടങ്ങിയ കരാർ ജീവനക്കാർക്ക് അവധി അനുവദിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളിലെ ചില വ്യവസ്ഥകളിൻമേൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് കൊണ്ട് പല ബ്ലോക്ക്-ഗ്രാമ-പഞ്ചായത്ത് സെക്രട്ടറിമാരും കത്ത് എഴുതിയിരുന്നു. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന,ജില്ലാ,ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള ഐ.ടി പ്രൊഫഷണൽ, അക്കൗണ്ടന്റ്-കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ തുടങ്ങിയ കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട പുതുക്കിയ നിർദ്ദേശങ്ങൾ ചുവടെ പുറപ്പെടുവിച്ചുകൊള്ളുന്നു.

1. കേരള സർവ്വീസ് ചട്ടത്തിൽ ഭാഗം 1 അനുബന്ധം (VIII) ൽ പറയുന്ന അവകാശങ്ങൾ കരാർ നിയമനം ലഭിച്ച എല്ലാ ജീവനക്കാർക്കും ബാധകമാണ്.
2. എല്ലാ കരാർ നിയമനങ്ങളുടെയും കാലാവധി ഒരു വർഷമായിരിക്കും
3. ഓരോ വർഷത്തെയും കരാർ കാലാവധി കഴിയുമ്പോഴും കരാർ ജീവനക്കാരന്റെ മുൻകാലത്തെ പ്രവർത്തന ക്ഷമതയും കാര്യനിർവ്വഹണ ശേഷിയും വിലയിരുത്തി യോഗ്യമെന്നു കണ്ടാൽ അവരെ അടുത്ത വർഷത്തേക്ക് അതത് സമയത്ത് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പുതിയ കരാർ പ്രകാരം ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് നിയമിക്കാവുന്നതാണ്. കരാർ ജീവനക്കാരുടെ പ്രവർത്തനക്ഷമതയും കാര്യ നിർവ്വഹണശേഷിയും വിലയിരുത്തിയ രേഖകൾ ഫയലിൽ സൂക്ഷിക്കണം. ആരുടെയും കരാർ കാലാവധി ഒരു വർഷത്തിലധികം നീട്ടിനൽകുവാൻ യാതൊരു അധികാരസ്ഥാനത്തിനും അധികാരം ഉണ്ടായിരിക്കുന്നതല്ല.
4. കേരള സർവ്വീസ് റൂൾസ് അനുബന്ധം (VIII) കരാർ ജീവനക്കാർക്ക് ബാധകമാക്കിയിരിക്കുന്നതിനാൽ കരാർ ജീവനക്കാർക്ക് :

   I. **കാഷ്വൽ ലീവിന് അർഹതയില്ല**

   II. **1/11 എന്ന നിരക്കിൽ ഒരു വർഷം പരാമവധി 15 ദിവസത്തെ ആർജ്ജിത അവധിക്കുമാത്രമാണ് അർഹതയുള്ളത്. പരമാവധി 15 ദിവസത്തെ ആർജ്ജിത അവധി സറണ്ടർ ചെയ്യുവാൻ കഴിയും.**

   III. **ആർജ്ജിതാവധിക്കുള്ള അപേക്ഷ വെള്ളക്കടലാസിൽ സ്വീകരിച്ച് അവധി അനുവദിച്ച് പ്രത്യേക നടപടിക്രമം പുറപ്പെടുവിക്കേണ്ടതുണ്ട്.**

ആർജ്ജിക്കുന്ന അവധി അടുത്ത വർഷത്തെ കണക്കിൽ കൂട്ടുവാൻ കഴിയില്ല

IV. ഒരു സാമ്പത്തിക വർഷം 15 ദിവസത്തേയ്ക്ക് മാത്രമേ ആർജ്ജിതാവധി സറണ്ടർ ചെയ്യാൻ കഴിയുകയുള്ളൂ. ഒരു വർഷത്തേയ്ക്ക് മാത്രമുള്ള നിയമനമായതിനാൽ ആർജ്ജിതാവധി അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യാൻ സാധ്യമല്ല. ലീവ് സറണ്ടർ ഒറ്റ പ്രാവശ്യമായി അനുവദിക്കേണ്ടതും എന്നാൽ 15 ദിവസത്തിൽ കുറച്ച് ലീവ് സറണ്ടർ അനുവദിച്ച കേസുകളിൽ കുടിശ്ശിഖ നൽകുവാനും കഴിയുകയില്ല.

V. കേരള സർവ്വീസ് ചട്ടം ഭാഗം - I അപ്പന്റിക്സ് VIII പ്രകാരം ആദ്യത്തെ കോൺട്രാക്ട് നിയമനം തന്നെ ഒരു വർഷത്തിൽ കൂടുതലുള്ളവർക്ക്, അവർ മെറ്റേണിറ്റി ലീവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുകയാണെങ്കിൽ മാത്രമേ മെറ്റേണിറ്റി ലീവിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. അതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു വർഷത്തെ കരാർ കാലാവധിയിൽ പ്രവൃത്തിയെടുക്കുന്ന കരാർ ജീവനക്കാർക്ക് മെറ്റേണിറ്റി ലീവിന് അർഹതയില്ല.

(ഒപ്പ്)

വി.എൻ.ജിതേന്ദ്രൻ. ഐ.എ.എസ്

മിഷൻ ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും

എല്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും

എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും

എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും/ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്കും

(ബന്ധപ്പെട്ട ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും

(ബന്ധപ്പെട്ട ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ മുഖേന)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

എൻ.ആർ.ഇ.ജി.എസ് (കേരള) വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (പി.എം ഇ)

സെക്ഷൻ ഓഫീസർ